STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.244/PR/SPMC/PHQ/2021 Date :14.06.2021

## എസ്.പി.സി. യുടെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

ലോക രക്തദാത ദിനത്തോടനുബന്ധിച്ചു തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടേയും എസ്.പി.സി. ഡയറക്ടറേറ്റിന്റേയും സംയുക്ത നേതൃത്വത്തിൽ സന്നദ്ധ രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു.

ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻറ് ടെക്നോളജി, റീജിയണൽ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലെ രക്ത ബാങ്കുകളുമായി സഹകരിച്ച് നൂറോളം പേരാണ് സന്നദ്ധ രക്തം ദാനം ചെയ്തത്. എസ്.പി.സി. ഡയറക്ടറേറ്റിലെ പോലീസ് ഉദ്യോഗസ്ഥർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ തിരുവനന്തപുരം റൂറൽ ജില്ലയിലെ കമ്മ്യൂണിറ്റി പോലീസ് ഓഫീസർമാർ, ഡ്രിൽ ഇൻസ്ട്രക്ടർമാർ, പയനിയർ കേഡറ്റുകൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുൾപ്പെടെ നൂറോളം പേരാണ് ക്യാമ്പിൽ പങ്കെടുത്തത്. സംസ്ഥാനതലത്തിൽ ജീവധാര എന്ന പേരിൽ എസ്.പി.സി.യുടെ നേതൃത്വത്തിൽ നടന്നുവരുന്ന രക്തദാന പ്രവർത്തനങ്ങളുടെ ഭാഗമായാണ് ക്യാമ്പ് നടന്നത്.

എക്സൈസ് വിജിലൻസ് സൂപ്രണ്ട് മുഹമ്മദ് ഷാഫി ഉദ്ഘാടനം ചെയ്തു. അസി. സ്റ്റേറ്റ് നോഡൽ ഓഫീസർ ജി.പ്രതാപൻ നായർ, അസി. ജില്ലാ നോഡൽ ഓഫീസർ റ്റി.എസ്.അനിൽകുമാർ എന്നിവർ നേതൃത്വം നൽകി. ദാതാക്കളിൽ നിന്ന് രക്തദാന സമ്മതപത്രം സ്വീകരിച്ചുകൊണ്ട് ബ്ലഡ് ഡോണേഴ്സ് ഫോറവും സജ്ജീകരിച്ചു.

********************************